# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 780 — 29/09/2016 - ൽ മറുപടിക്ക്

### "സമഗ്രവിദ്യാഭ്യാസ പദ്ധതി"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉണ്ണി | പ്രൊ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) "സമഗ്രവിദ്യാഭ്യാസ പദ്ധതി "യുടെ നടത്തിപ്പിനായി എന്തെല്ലാം നൂതനമായ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്ര ങ്ങളാക്കുന്നതിന് 57 നിയോജകമണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകുകയും ഓരോ മണ്ഡലത്തിലെയും ഒരു സർക്കാർ സ്കൂൾ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ സ്കൂളിലും 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രത്യേക സ്കീമുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകളെ ആർട്സ്, സ്പോർട്സ്, പ്രവൃത്തി പരിചയം എന്നിവയുടെ ഹബ്ബാക്കി മാറ്റുന്നതിന് പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ " സമഗ്രവിദ്യാഭ്യാസ പദ്ധതി"പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ നാളിതുവരെ നടപ്പിലാക്കി എന്ന് വിശദമാക്കാമോ; | (ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആശയ രൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, നിയോജകമണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർസെക്കന്ററി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ നടപ്പിലാക്കികഴിഞ്ഞു. |
| (സി) "സമഗ്രവിദ്യാഭ്യാസ പദ്ധതി"യുടെ സുഗമ മായ നടത്തിപ്പിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) എം.എൽ.എ മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ/എസ്.എസ്.എ ഫണ്ട്/ സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ ധന സ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നത്. |

Sreedevi

സെക്ഷൻ ഓഫീസർ